# KSSiA NEWS

www.kssia.com

വ്യവസായ മാസിക

kssianews@gmail.com


e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. MAY 2025. ₹5.00

VOL. 09 - ISSUE NO. 11 - DATE OF PUBLICATION 25TH MAY, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## സ്വപ്നസാക്ഷാത്കാരം

### കെ.എസ്.എസ്.ഐ.എ.-യ്ക്ക് തിരുവനന്തപുരത്ത് ഒരു റീജിയണൽ ഓഫീസ്




FREEPIK

# India's First Mega Transshipment Hub Now Operational

KSIDC

**Prime Minister Shri. Narendra Modi** has officially inaugurated the Vizhinjam International Seaport




*The future has docked at Vizhinjam*

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➤ **എഡിറ്റോറിയൽ:**
വ്യവസായ സൗഹൃദം കാലത്തിന്റെ ആവശ്യം .... 03

➤ **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
KSSIA റീജിയണൽ ഓഫീസിന്റെ ഉദ്ഘാടനവും പൊതുസമ്മേളനവും നടത്തി ............................. 05

➤ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം - എം.എസ്.എം.ഇ. മേഖലയുടെ വളർച്ചയ്ക്ക് വൻ സാധ്യതകൾ ........... 07

➤ **ജി.എസ്.ടി.**
ജീവിതകാല ബിസിനസ്: ജിഎസ്ടിയിൽ ഒരു ചെറുകിട വ്യവസായിയുടെ ആകാംക്ഷകൾക്കും ഉത്തരങ്ങൾക്കും ഇടയിലൊരു യാത്ര ............... 08

➤ **ഹെൽത്ത് ഇൻഷുറൻസിൽ ക്ലെയിം ലഭിക്കാത്ത സാഹചര്യങ്ങൾ ഏതെല്ലാം?** .....10

➤ **വ്യവസായ സൗഹൃദ വികസന കാഴ്ചകൾ നിറച്ച് 'എന്റെ കേരളം'** ................. 12


➤ **എം.എസ്.എം.ഇ. നിയമങ്ങൾ അറിഞ്ഞു മാത്രമേ നിക്ഷേപം നടത്താവൂ** ................. 14

➤ **ഏഷ്യയുടെ പുതിയകവാടം - വികസനത്തെ വരവേൽക്കാൻ വിഴിഞ്ഞം ഒരുങ്ങി** .............. 16

**KSSIA NEWS** www.kssia.com
വ്യവസായ മാസിക
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - MAY 2025 - ₹ 5.00

## എഡിറ്റോറിയൽ

# വ്യവസായ സൗഹൃദം കാലത്തിന്റെ ആവശ്യം



ദേശത്തിന്റെ വികസനത്തിൽ വ്യവസായത്തിന്റെ പ്രാധാന്യം സർക്കാരും പൊതുജനങ്ങളും തിരിച്ചറിഞ്ഞ വർത്തമാനകാലമാണിത്. മത്സരങ്ങൾക്കും അപ്പുറമുള്ള സൗഹൃദാന്തരീക്ഷം വ്യവസായങ്ങളെ ശക്തിപ്പെടുത്തും എന്നതിൽ സംശയമില്ല. വ്യക്തികളുടെ ലാഭ ലക്ഷ്യം മാത്രമാണ് വ്യവസായത്തിന്റെ ഉദ്ദേശം എന്ന പഴയകാല സങ്കല്പം തീർത്തും മാറിക്കഴിഞ്ഞു. ദേശത്തിന്റെ സാമ്പത്തിക വികസനത്തിലെ പങ്കും, തൊഴിലവസരങ്ങളുടെ ലഭ്യതയും ഇന്ന് വ്യവസായത്തിൽ മുന്നിട്ടു നിൽക്കുന്നു. അത് ബോദ്ധ്യമായ സർക്കാരും ഉൽപ്പതിഷ്ണുക്കളായ ദേശസ്നേഹികളും, സൗഹൃദം നിറഞ്ഞ ഒരു വ്യവസായ അന്തരീക്ഷം ലക്ഷ്യമിടുന്നു.

വ്യവസായ സൗഹൃദാന്തരീക്ഷം കരുപ്പിടിപ്പിക്കുന്നതിൽ അധികാരികളും പൊതുജനങ്ങളും മാത്രമല്ല പ്രകൃതി പോലും വശ്യമായ അന്തരീക്ഷം ഒരുക്കുകയാണ്. ശുദ്ധമായ വായു, ശുദ്ധജലം, ദൃശ്യ സൗന്ദര്യം, കാലാവസ്ഥ, സൗഹൃദാന്തരീക്ഷം ഒക്കെ ഇതര സംസ്ഥാനങ്ങളെയും. വിദേശത്തേയും വ്യവസായികളെയും ആകർഷിക്കുന്ന ഒരു ഘടകമായി മാറിയിരിക്കുകയാണ് കേരളം.

പെൻഷൻ പറ്റിയ ഉദ്യോഗസ്ഥരും, മുതിർന്നപൗരന്മാരും വിശ്രമ സൗകര്യങ്ങൾ ആഗ്രഹിക്കുന്നവരുമാണ്. സമപ്രായക്കാരായ ഇവരെ ഒരുമയോടെ താമസിക്കാൻ സൗകര്യമൊരുക്കുന്നതിന് വിദേശ വ്യവസായികൾ പോലും മുന്നോട്ടു വരുന്ന കാഴ്ച വിദേശ വ്യവസായികളുടെ കേരള താൽപര്യത്തിന്റെ നാന്ദിയാണ്. ആ വിദേശ വ്യവസായികളെയും ഒപ്പം കൂട്ടാൻ നമ്മുടെ വ്യവസായ സൗഹൃദം ഉപകരിക്കും എന്നതിൽ സംശയമില്ല.

നമ്മുടെ കേരളം ഇന്നു ഇന്ത്യയിൽ, വ്യവസായ സൗഹൃദത്തിൽ ഒന്നാം സ്ഥാനത്താണ്. ഈ സൗഹൃദാന്തരീക്ഷ നിർണയം, കേന്ദ്ര സർക്കാരിന്റെ പല പരിശോധനയിലൂടെയാണ് നിർണ്ണയിക്കുന്നത്. ഇതിൽ വ്യവസായികളുടെ അഭിപ്രായം ഏറെ പ്രധാനമാണ്.

ഈ ഒന്നാം സ്ഥാനത്തിന്റെ മഹത്വം നിലനിർത്തേണ്ടത് നമ്മൾ വ്യവസായികളുടെ ഉത്തരവാദിത്വമാണ്. അതിനു സജ്ജമാകും വിധം നമ്മുടെ വ്യവസായ അന്തരീക്ഷവും വ്യവസായവും ശക്തിപ്പെടുത്താനായി നമുക്ക് ജാഗരൂകരാകാം.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക്

# വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം


കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**


**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org



# കെ.എസ്.എസ്.ഐ.എ. തിരുവനന്തപുരത്ത് റീജിയണൽ ഓഫീസിന്റെ ഉദ്ഘാടനവും പൊതുസമ്മേളനവും നടത്തി

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

കെ.എസ്.എസ്.ഐ.എ. റീജിയണൽ ഓഫീസ് ഉദ്ഘാടനവും പൊതുസമ്മേളനവും മെയ് 21ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ച് സംസ്ഥാന പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഉച്ചയ്ക്ക് ശേഷം നടന്ന പൊതുസമ്മേളനം ബഹു. വ്യവസായ നിയമ കയർ വകുപ്പു മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കെ.എസ്.എസ്.ഐ. പുറത്തിറക്കിയ അഡ്രസ്സ് ഡയറക്ടറിയുടെ പ്രകാശനം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. നിർവ്വഹിച്ചു. കെ.എസ്.എസ്.ഐ.എ. യുടെ ചിരകാല സ്വപ്ന പദ്ധതിയാണ് ഇപ്പോൾ നടപ്പിലായത്. ഇത് എന്തു കൊണ്ടും കെ.എസ്.എസ്.ഐ.എ. യുടെ ഒരു ചരിത്ര വിജയമാണ്. ഈ വിജയത്തിന് പങ്കാളികളായി സഹകരിച്ച എല്ലാവരോടും, കൂടാതെ സ്പോൺസർമാരോടും കെ.എസ്.എസ്.ഐ.എ. യുടെ നന്ദി അറിയിക്കുന്നു.

കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷനും മെട്രോ മാർട്ടും സംയുക്തമായി 2026 ജനുവരി 16 മുതൽ 18 വരെ എറണാകുളം അങ്കമാലി അഡ്ലക്സ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ ലോഗോയുടെയും ബ്രോഷറിന്റെയും പ്രകാശനം വ്യവസായ നിയമ കയർ വകുപ്പു മന്ത്രി പി. രാജീവ് നിർവ്വഹിച്ചു. കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയം, വ്യവസായ വകുപ്പ് കേരള സർക്കാർ,



കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപറേഷൻ, കെ-ബിപ് എന്നിവരുടെ സഹകരണത്തോടെയാണ് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ സംഘടിപ്പിക്കുന്നത്. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയിൽ രാജ്യത്തിനകത്തും പുറത്തും നിന്നുമുള്ള അറുനൂറോളം കമ്പനികൾ തങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കും. ഇരുപത്തയ്യായിരത്തോളം സന്ദർശകരെ ഈ എക്സ്പോയിൽ പ്രതീക്ഷിക്കുന്നുണ്ട്. കേരളത്തിലെ അയ്യായിരത്തോളം ചെറുകിട, ഇടത്തരം വ്യവസായികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള മെഗാ വ്യവസായി സംഗമവും, ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഈ എക്സിബിഷനും മെഗാ വ്യവസായി സംഗമവും വൻ വിജയമാക്കാനും ഒരു ചരിത്ര സംഭവമാക്കി മാറ്റാനും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

നിലവിലുള്ള ജനറൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം വച്ച് നോക്കുമ്പോൾ ഇപ്പോൾ സംസ്ഥാന ഓഫീസ് ഹാളിൽ ജനറൽ കൗൺസിൽ യോഗം നടത്താൻ പറ്റാത്ത സ്ഥിതിയാണ്. കാരണം നാനൂറോളം ജനറൽ കൗൺസിൽ അംഗങ്ങൾക്ക് ഇപ്പോഴുള്ള ഹാളിൽ ഇരിക്കാനുള്ള സൗകര്യമില്ല. കേരളത്തിലെ എം.എസ്.എം.ഇ.കളെ പ്രതിനിധാനം ചെയ്യുന്ന സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ഏക രജിസ്ട്രേഡ് സംഘടനയാണ് നമ്മുടേത്. ഇത് സ്ഥിതി ചെയ്യുന്നത് വ്യവസായ മേഖലകൾ കൂടുതലായുള്ള എറണാകുളം ജില്ലയിലെ നെടുമ്പാശേരി എയർപോർട്ടിനടുത്താണ്. ഇതെല്ലാം കണക്കിലെടുത്താണ് സംസ്ഥാന ഓഫീസിനെ അന്തർദേശീയ തലത്തിലുള്ള ഓഫീസ് സമുച്ചയമാക്കി മാറ്റുക എന്ന വ്യവസായ വകുപ്പ് മന്ത്രിയുടെയും പ്രിൻസിപ്പൽ സെക്രട്ടറിയുടെയും, ആവശ്യം സാദ്ധ്യമാക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്വമായി സ്വീകരിച്ചത്. അത്യാധുനികവൽക്കരണത്തോടെ 600 പേർക്ക് ഇരിക്കാൻ സാധിക്കുന്ന കോൺഫറൻസ് ഹാളോടു കൂടി ലിഫ്റ്റ് സംവിധാനത്തോടെ ഇതിന്റെ പണി കഴിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹു. വ്യവസായ വകുപ്പ് മന്ത്രിയും, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയും ഗ്ലോബൽ ഇൻവേസ്റ്റേഴ്സ് മീറ്റിൽ പങ്കെടുക്കാൻ വേണ്ടി ദുബായ് പോയപ്പോഴാണ് വിദേശ പ്രതിനിധികളെ കെ.എസ്.എസ്.ഐ.എ. ഓഫീസിൽ കൊണ്ട് വരാനുള്ള സാഹചര്യം ഒരുക്കുകയാണെങ്കിൽ അത് എന്തുകൊണ്ടും സംഘടനയ്ക്കും, വ്യവസായ വകുപ്പിനും സംരംഭകർക്കും ഗുണകരമാകുമെന്ന ഒരു ആശയം തോന്നിയത്. അതിന്റെ അടിസ്ഥാനത്തിലാണ് മന്ത്രി കെ.എസ്.എസ്.ഐ.എ. യോട് ഈ കാര്യം ചെയ്യാൻ വേണ്ടി ആവശ്യപ്പെട്ടതും. കേരളത്തിലെ വ്യവസായ വകുപ്പിന്റേയും, കെ.എസ്.എസ്.ഐ.എ. യുടെയും ഒരു ഷോകേയ്സ് ആയി സംസ്ഥാന ഓഫീസ് സംവിധാനം മാറ്റുക എന്നതാണ് നമ്മുടെ മുന്നിലുള്ള ഇനിയുള്ള ആവശ്യം. തീർച്ചയായും റീജിയണൽ ഓഫീസ്സിന് സഹായസഹകരണങ്ങൾ തന്ന് സഹായിച്ച പോലെ ഇതിനും എല്ലാവരുടെ ഭാഗത്തു നിന്നും സഹായ സഹകരണങ്ങൾ ഉണ്ടാകണം. ഒന്നര കോടി രൂപയുടെ പ്രോജക്റ്റാണിത്. അതിന് എല്ലാ ജില്ലാ പ്രസിഡന്റുമാരും, ജില്ലാ ഭാരവാഹികളും, അംഗങ്ങളും പങ്കാളികളാകണം. ഇത് ചരിത്രനേട്ടമാക്കുകയെന്നത് കെ.എസ്.എസ്.ഐ.എ. യുടെ ഓരോ അംഗത്തിന്റെയും കടമയായി കണ്ട് എല്ലാവരും സഹകരിക്കണം. ഈ ഒരു ചരിത്ര നേട്ടത്തിന് കേരളത്തിന്റെ 14 ജില്ലകളിലുമുള്ള വ്യവസായ സുഹൃത്തുക്കൾ പങ്കാളികളായി ഈ സംരംഭം വൻവിജയ മാക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. കെ.എസ്.എസ്.ഐ.എ. യ്ക്ക് ഒരു പൊൻതൂവൽ കൂടി കിട്ടുമാറാകട്ടെയെന്ന് നമ്മൾ ഓരോരുത്തരും ആത്മാർത്ഥമായി ആഗ്രഹിക്കുകയും അത് യാഥാർത്ഥ്യമാക്കുവാൻ പരിശ്രമിക്കുകയും വേണം.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിന്റെ ഭാഗമായി ഡൽഹിയിൽ നിന്നുള്ള അഭിപ്രായ സർവ്വേയിൽ എല്ലാ അംഗങ്ങളും പങ്കാളികളാകണം. കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം നിലനിർത്തേണ്ടത് ഓരോ അംഗത്തിന്റെയും കടമയും ഉത്തരവാദിത്വവുമാണ്. ഇതിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. കെ.എസ്.എസ്.ഐ.എ. യുടെ അടുത്ത, ചരിത്രമാകാൻ പോകുന്ന, ലക്ഷ്യത്തിലേക്ക് ഓരോ അംഗങ്ങളും തികഞ്ഞ ആത്മാർത്ഥയോടെ പ്രവർത്തിക്കണമെന്ന് ഓർമ്മിച്ചു കൊണ്ട് നിർത്തുന്നു.■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**



# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം: കേരളത്തിന്റെ സ്വപ്ന പദ്ധതി

## എം.എസ്.എം.ഇ. മേഖലയുടെ വളർച്ചയ്ക്ക് വൻ സാധ്യതകൾ

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമായതോടെ കേരളം ഇന്ത്യയുടെ ഭൂപടത്തിൽ ശ്രദ്ധാകേന്ദ്രമായ ഒരു സ്ഥാനം നേടിയിരിക്കുകയാണ്. വൻകിട ചരക്ക് കപ്പലുകൾ മറ്റു തുറമുഖങ്ങളെ ആശ്രയിക്കാതെ വിഴിഞ്ഞം തുറമുഖം മുഖാന്തിരം തന്നെ ചരക്ക് നീക്കത്തിന് സഹായകരമാകും വിദേശത്ത് ചരക്ക് അയക്കുവാൻ 15-45 ദിവസങ്ങൾ എടുത്തിരുന്നു എങ്കിൽ ഇപ്പോൾ ഇത് മൂന്നിലൊന്നായി കുറയും. അതുപോലെ ചരക്ക് ഇറക്കുമതിയിലും ഈ സമയം തന്നെ വേണ്ടി വരുകയുള്ളൂ. ട്രാൻസ്പോർട്ടിങ്ങിലുള്ള സമയലാഭത്തിനു പുറമേ ചെലവും ഗണ്യമായി കുറയും. ഇത് ചരക്ക് കയറ്റ് ഇറക്കുമതികൾക്ക് വൻ സാമ്പത്തിക ലാഭമാണുണ്ടാക്കുക. എം.എസ്.എം.ഇ. മേഖലയിലെ സംരംഭകർക്കും തങ്ങളുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനും തങ്ങൾക്ക് ആവശ്യമായ സാങ്കേതിക വിദ്യകളോടുകൂടിയ ആധുനിക യന്ത്രങ്ങൾ ഇറക്കുമതി ചെയ്യുന്നതിനും വരുന്ന കാലതാമസവും ചെലവും കുറയും. ഇത് എം.എസ്.എം.ഇ. മേഖലയുടെ വളർച്ചയ്ക്ക് വളരെ സഹായകരമാകും

രാജ്യത്തിന്റെ മൂന്നാമത്തെ തിരക്കേറിയ തുറമുഖമാണ് വിഴിഞ്ഞം. ഗുജറാത്തിലും മുംബൈയിലും ആണ് മറ്റു രണ്ടു വൻകിട തുറമുഖങ്ങൾ ആഗോളതലത്തിൽ 30 തുറമുഖങ്ങളിൽ ഈ രണ്ടു തുറമുഖങ്ങൾക്ക് പുറമെ വിഴിഞ്ഞവും സ്ഥാനം പിടിച്ചിരിക്കുകയാണ്. ഇത് പതിനാലാം സ്ഥാനത്തുള്ള കൊളംബോയിൽ നിന്നാണ് ഇന്ത്യയിലേക്കുള്ള ട്രാൻസ് ഷിപ്പ്മെന്റ് ചരക്ക് നീക്കത്തിന്റെ 75 ശതമാനവും, ഇത് വിഴിഞ്ഞത്തു മാറുന്നതോടെ വിഴിഞ്ഞം തുറമുഖത്തിന്റെ സ്ഥാനവും ഉയരും. റോഡ് റെയിൽ, കണക്ട്വിറ്റി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇത് യാഥാർത്ഥ്യമാകുന്നതോടെ സമീപ പ്രദേശങ്ങളുടെ വികസനത്തിനും ആക്കം കൂട്ടുകയും, സംസ്ഥാനം വ്യവസായ വാണിജ്യ കേന്ദ്രത്തിന്റെ ഒരു ഹബ്ബായി മാറുകയും ചെയ്യും. വിഴിഞ്ഞം തുറമുഖത്തോട് അനുബന്ധിച്ച് വ്യവസായ പാർക്കും ആരംഭിക്കണമെന്ന് സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുള്ള ഒരു പദ്ധതി കൂടിയാണ്. എം.എസ്.എം.ഇ. മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി ഈ വ്യവസായ പാർക്ക് യാഥാർത്ഥ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. ■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**

## നമ്മുടെ വ്യവസായം

**വ്യ**വസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു. കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com

KSSiA NEWS
MAY 2025



# GST ചോദ്യോത്തര പംക്തി

ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM, Phd

## ജീവിതകാല ബിസിനസ്:

### ജി.എസ്.ടി.-യിൽ ഒരു ചെറുകിട വ്യവസായിയുടെ ആകാംക്ഷകൾക്കും ഉത്തരങ്ങൾക്കും ഇടയിലൊരു യാത്ര

വർഷങ്ങളായി കേരളത്തിലെ ഒരു ചെറുകിട വ്യവസായിയായിട്ട് ഞാനൊരു ബിസിനസ് നടത്തുന്നു. ഒട്ടനവധി വെല്ലുവിളികൾ കാണുകയും അതെല്ലാം നേരിട്ട് അതിജീവിക്കുകയും ചെയ്ത ഇക്കാലയളവിൽ, ഇന്ന് എനിക്ക് ഏറ്റവും വലിയ ആശങ്ക ഉണ്ടാകുന്നത് ജി.എസ്.ടി. (GST) എന്ന നികുതി സംവിധാനത്തോടാണ്.

മുൻകാലത്ത് എനിക്ക് മനസ്സിൽ ഉണ്ടായിരുന്നത് ബാങ്ക് വായ്പ എങ്ങനെയാകും, തൊഴിലാളികൾക്ക് ശമ്പളം എങ്ങനെ കൊടുക്കും, മാർക്കറ്റിൽ നിന്ന് വില്പനയുടെ തുക പിരിച്ചെടുക്കാമോ എന്നുള്ളതായിരുന്നു. ഇന്ന്, ഈ 65 ആം വയസ്സിൽ എത്തിച്ചേരുമ്പോൾ എന്നെ വേട്ടയാടുന്നത് വ്യത്യസ്തമായ ഒരു ഭയം ജി.എസ്.ടി. യിൽ എവിടെയെങ്കിലും ഒരു കണക്കുപിഴവോ തെറ്റായ ഇൻപുട്ട് ക്രെഡിറ്റോ ഉണ്ടെങ്കിൽ, കുറച്ച് വർഷങ്ങൾക്ക് ശേഷം വൻ തുകയുടെ ബാധ്യത വരുമോ എന്നത്.

എന്റെ ബിസിനസ് വർഷം തോറും ഏകദേശം 3 കോടിയോളം രൂപയുടെ ടേൺഓവറാണ് ഉള്ളത്. അതായത്, മാസത്തിൽ ഏകദേശം 25 ലക്ഷം രൂപയുടെ വില്പന. അതിൽ നിന്നുള്ള ലാഭം, വാടകയും തൊഴിലാളികൾക്കും മറ്റും ചെലവിട്ട്, ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് മറ്റ് എല്ലാവിധ ചെലവുകളും കഴിഞ്ഞാൽ ഒരു മാസം ഒരു ലക്ഷം രൂപയോളം മാത്രമാണ് ലാഭമായി വരുന്നത്. അതിനും ഞാൻ കൃത്യമായി ഇൻകം ടാക്സ് അടയ്ക്കുന്നുണ്ട്. ഞാൻ ഉൽപാദകനായതിനാൽ, സാധനങ്ങൾ ഉൽപാദന പ്രക്രിയ നടത്തിയ ശേഷം റെഡിക്യാഷിന് മാത്രമായാണ് വിൽപ്പന നടത്തുന്നത്. അതുകൊണ്ടുതന്നെ മാർക്കറ്റിൽ നിന്ന് പണം പിരിക്കാൻ പണ്ടത്തെപ്പോലെ പോവേണ്ടതുമില്ല.

എന്റെ എല്ലാ ജീവനക്കാരും വർഷങ്ങളായി ജോലി ചെയ്യുന്ന വിശ്വസ്തരും, ന്യായമായ ശമ്പളമുള്ളവരുമാണ്. എന്റെ മക്കൾ ഐ.ടി. രംഗത്താണ് ജോലി ചെയ്യുന്നത്. അവർക്ക് നല്ല ശമ്പളമുണ്ട്, പക്ഷേ അവരുടെ വരുമാനത്തിൽ ഭാവിയിൽ വലിയൊരു ഉത്തരവാദിത്വം വരും എന്ന തോന്നൽ ഇല്ല. അതേ സമയം, നികുതി നിരക്കിലെ ചെറിയ മാറ്റങ്ങളാലും അല്ലെങ്കിൽ വിൽപ്പനക്കാരൻ ശരിയായ രീതിയിൽ ജി.എസ്.ടി. അടക്കാതിരുന്നാലും, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സലുകളും 18% പലിശയും കൂടിയ പിഴയും എങ്ങനെ വന്നേക്കാം എന്ന ആശങ്ക ഒരു നിശബ്ദ ഭീതിയായി എന്റെ മനസ്സിൽ എപ്പോഴും നിലകൊള്ളുന്നു, പ്രത്യേകിച്ചും കഴിഞ്ഞ രണ്ടു മൂന്നു വർഷമായി ജിഎസ്ടി എടുക്കുന്ന എല്ലാവർക്കും വൻ നികുതി ബാധിത നോട്ടീസുകൾ വരുന്നു എന്ന ന്യൂസുകൾ കേൾക്കുമ്പോൾ എന്റെ ഹൃദയമിടിപ്പ് കൂടുതൽ ശക്തമാകുന്നു.

ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ, ചെറിയ ഒരു വ്യവസായി എന്ന നിലയിൽ 'വോയിസ്' പോലുള്ള ബിസിനസ്സുകാർക്ക് വേണ്ടി എഴുതുന്ന മാഗസിനിൽ വ്യക്തമായ മറുപടി തേടുന്നതാണ് ആകാംക്ഷയുടെ ഏക പരിഹാരമെന്നു തോന്നി. അതിനാൽ, ഈ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു (എന്റെ പേര് പ്രസിദ്ധീകരിക്കരുത്, ദയവായി).

**ഉത്തരം: വ്യവസായിയായ താങ്കൾ ഭയപ്പെടേണ്ടതില്ല. ജി.എസ്.ടി. നിയമങ്ങൾ തികച്ചും സുതാര്യമാണ്.**

താങ്കളുടെ ചോദ്യം വളരെ പ്രാധാന്യമർഹിക്കുന്നതും, കേരളത്തിലെ അനേകം ചെറുകിട ബിസിനസുകാരുടെ

ഉള്ളിൽ ഉറഞ്ഞിരിക്കുന്ന ഒരു സംശയം കൂടി തന്നെയാണ്. ആദ്യം തന്നെ ഉറപ്പാക്കേണ്ടത് താങ്കൾ പറഞ്ഞതുപോലെ കൃത്യമായ രേഖകൾ സൂക്ഷിച്ച്, കൃത്യസമയത്ത് റിട്ടേണുകൾ സമർപ്പിക്കുകയും, സാധനങ്ങൾ കൃത്യമായ എച്ച്.എസ്.എൻ. കോഡുകൾ ഉപയോഗിച്ച് ഇൻവോയ്സ് ചെയ്ത് ഉള്ളതും അതേപോലെ പർച്ചേസ് ഇൻവോയിസുകളിൽ കൃത്യമായ എച്ച്.എസ്.എൻ. കോഡും കൃത്യമായ ടാക്സും സേവനങ്ങൾ എടുക്കുന്നതിലും അതേപോലെ കൃത്യതയും പാലിച്ചിട്ടുണ്ടോ എന്നതാണ്. അതൊക്കെ പാലിച്ചിട്ടുണ്ടെങ്കിൽ ഭാവിയിൽ താങ്കൾക്ക് ജി.എസ്.ടി. യിൽ വലിയ ബാധ്യത ഉണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്.

## ജി.എസ്.ടി. യിൽ കണക്കുകൾ എത്ര വർഷം സൂക്ഷിക്കണം?

ജിഎസ്ടി നിയമപ്രകാരം, വാർഷിക റിട്ടേൺ സമർപ്പിക്കാൻ സർക്കാർ നിശ്ചയിച്ച തീയതിയിൽ നിന്ന് 6 വർഷം വരെ രേഖകൾ സൂക്ഷിക്കേണ്ടതാണ്. ചില സാഹചര്യങ്ങളിൽ വാർഷിക റിട്ടേൺ സമർപ്പിക്കാനുള്ള തീയതി നീട്ടുകയും ഒക്കെ ചെയ്താൽ അതനുസരിച്ച് അവിടെനിന്ന് അങ്ങോട്ട് ആറുവർഷം എന്ന കാലാവധി യോ അല്ലെങ്കിൽ സർക്കാർ ഉത്തരവനുസരിച്ച് പുതുക്കിയ തീയതിയോ ഒക്കെ ഉണ്ടെങ്കിൽ അപ്രകാരം പറയുന്ന സമയം വരെയുംകണക്കുകൾ സൂക്ഷിക്കാൻ സാധ്യത യുണ്ട്. അപ്പീൽ നടപടികൾ ഉണ്ടായാൽ, അപ്പീൽ തീർന്നതിനു ശേഷം ഒരു വർഷം വരെ എങ്കിലും രേഖകൾ സൂക്ഷിക്കാൻ ബാധ്യതയുണ്ട്.







## 73, 74 വകുപ്പ് വ്യത്യാസങ്ങൾ എന്താണ് ഭേദം?

സെക്ഷൻ 73 പ്രകാരം, ബോധപൂർവമല്ലാത്ത പിഴവുകൾക്കായി നികുതി ചുമത്തപ്പെടുന്നത്, സാധാരണയായി റിട്ടേൺ കഴിഞ്ഞ് 3 വർഷത്തിനുള്ളിലാണ്.

സെക്ഷൻ 74: ബോധപൂർവമായ നികുതി വെട്ടിക്കാൻ വേണ്ടി കാര്യങ്ങൾ ഒളിച്ചുവച്ച് അല്ലെങ്കിൽ നികുതി വെട്ടിക്കാൻ എന്ന ഉദ്ദേശത്തിൽ പല കാര്യങ്ങളും ഒഴിവാക്കി കണക്കുകൾ സൂക്ഷിക്കുന്ന അല്ലെങ്കിൽ റിട്ടേണുകൾ സമർപ്പിക്കുന്ന സമയത്താണ് സെക്ഷൻ 74 അനുസരിച്ച് വലിയ പിഴകളോടുകൂടി നികുതി നിർണയം ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് നടത്തുന്നത്. ചുരുക്കത്തിൽ സപ്രഷൻ വരുമ്പോഴാണ് സെക്ഷൻ 74 പ്രകാരമുള്ള നടപടികൾ ഉണ്ടാകുന്നത് എന്നു പറയാം വകുപ്പ്. വ്യക്തമായ തട്ടിപ്പുണ്ടായെന്ന് സർക്കാർ തെളിയിച്ചാൽ മാത്രമാണ്, ഈ വകുപ്പ് ബാധകമാകുന്നത്.

താങ്കൾ പറഞ്ഞതുപോലെ, തട്ടിപ്പൊന്നും ഇതുവരെ ചെയ്യാത്ത താങ്കളുടെ ബിസിനസിൽ എല്ലാം രേഖകളും കൃത്യമാണ്, ഇൻവോയ്സുകളും E-Way ആശങ്കകളും ശരിയായ രീതിയിൽ എടുത്തിട്ടുണ്ട്, സാധനങ്ങൾ വാങ്ങിയ സപ്ലയർമാർക്ക് 180 ദിവസത്തിനുള്ളിൽ തന്നെ പണം കൊടുത്തിട്ടുണ്ട്, റജിസ്ട്രേഷനിൽ കാണിച്ച വിലാസം യഥാർത്ഥമാണ് എങ്കിൽ താങ്കൾക്ക് ജി.എസ. ടി. യിൽ ഭയപ്പെടേണ്ടതില്ല.

## ഒരു വ്യവസായി സൂക്ഷിക്കേണ്ട രേഖകൾ ചെറുതായി ഒന്ന് വിശദീകരിക്കാം.

എല്ലാ ഇൻവേർഡ് സപ്ലൈകളുടെയും ഔട്ട് വേർഡ് സപ്ലൈകളുടെയും ഇൻവോയ്സുകളും പേയ്മെന്റ് കൊടുത്തതിന്റെ രേഖകളും വൗച്ചറുകളും.

## E-Way Bill രേഖകൾ

പണമിടപാട് രേഖകൾ (ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടെ). ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കണക്കുകൾ.

റിട്ടേൺ ഫയലിംഗിന്റെ രേഖകൾ, ക്രെഡിറ്റ് നോട്ട് ഡെബിറ്റ് നോട്ടുകൾ തുടങ്ങിയ രേഖകൾ, ഡിസ്കൗണ്ട് ആയി ബന്ധപ്പെട്ട രേഖകൾ സ്റ്റോക്കുമായി ബന്ധപ്പെട്ട തുടങ്ങി ബിസിനസ്സിൽ അടിസ്ഥാനപരമായി സൂക്ഷിക്കേണ്ട രേഖകൾ. ഇവയൊക്കെ കൃത്യമായി സൂക്ഷിക്കുന്നതിലൂടെ താങ്കൾ ഭാവിയിൽ ആശങ്കപ്പെടേണ്ട സാഹചര്യം തന്നെ ഒഴിവാക്കാം. സമാധാനത്തോടെ ബിസിനസ് മുന്നോട്ടു കൊണ്ടു പോകുക.

'വോയിസ് മാഗസിൻ' വഴി ഇത്തരം സംശയങ്ങൾക്ക് വിശദമായ മറുപടികൾ നൽകുന്നത് അസോസിയേഷന്റെ കടമയാണ്. താങ്കളെ പോലെ 21 വർഷം ബിസിനസിൽ പ്രവർത്തിച്ച ചെറുകിട വ്യവസായികൾക്ക് ജി.എസ്.ടി. യിൽ അപ്രതീക്ഷിതമായ നിയമനടപടികൾ നേരിടേണ്ടിവരില്ല. അതിനാൽ, അഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയും ബിസിനസ് മുന്നോട്ടു കൊണ്ടുപോകാം. താങ്കളുടെ സംശയങ്ങൾ ഇതിലും കൂടുതലായി മനസ്സിലാക്കണമെങ്കിൽ താങ്കൾ താങ്കളുടെ അക്കൗണ്ടന്റ് ഓഡിറ്റോ അല്ലെങ്കിൽ ടാക്സ് കൺസൾട്ടന്റിന്റെയോ സഹായം തേടുന്നതും നല്ലത്.

വ്യവസായത്തിൽ താങ്കൾക്ക് ഉയർച്ചയും ശാന്തിയും ആശംസിക്കുന്നു.■

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
✆ 98462 27555, 79024 43188, 79070 00401

# ഹെൽത്ത് ഇൻഷുറൻസിൽ ക്ലെയിം ലഭിക്കാത്ത സാഹചര്യങ്ങൾ ഏതെല്ലാം?



വിശ്വനാഥൻ ഒടാട്ട്

ക്ലെയിം ലഭ്യമല്ലാത്ത ഒട്ടേറെ ആശുപത്രി ചിലവുകൾ ഇന്ന് നിലവിലുണ്ട്. പക്ഷെ പലപ്പോഴും ആശുപത്രി അധികൃതർക്കും പോളിസി ഉടമകൾക്കും ഇതിനെക്കുറിച്ച് ശരിയായ അറിവില്ലാത്തതു മൂലം ധനനഷ്ടം ഉണ്ടാവാറുണ്ട്. പൊതുവെ പറഞ്ഞാൽ സ്റ്റാൻഡേർഡ് പോളിസികളിൽ മിക്കവാറും താഴെ കൊടുക്കുന്ന വിവിധ തരത്തിലുള്ള ആശുപത്രി ചിലവുകൾ പോളിസി ഉടമക്ക് ലഭ്യമല്ല. ഇക്കാര്യം വിപണന സമയത്ത് പലപ്പോഴും അറിയുന്നില്ല അല്ലെങ്കിൽ വിപണനക്കാർ പറയുന്നില്ല. ക്ലെയിം ചെയ്യുമ്പോൾ ഉപഭോക്താവിന് ആശുപത്രിയിൽ ചിലവായ തുക മുഴുവനും ലഭിക്കുന്നുമില്ല. ഇവ ഏതെല്ലാമെന്ന് പരിശോധിക്കാം.

1. പോളിസിയിൽ പൂർണ്ണമായും ഒഴിവാക്കപ്പെട്ടിട്ടുള്ള അസുഖങ്ങൾ.
2. ഒന്നും, രണ്ടും, മൂന്നും വർഷങ്ങളിൽ ഒഴിവാക്കപ്പെട്ടിട്ടുള്ള അസുഖങ്ങൾ.
3. പോളിസിയിൽ ചേർന്ന് ആദ്യത്തെ 30 ദിവസത്തിനുള്ളിൽ പിടിപെടുന്ന അസുഖങ്ങൾ.
4. പോളിസി എടുക്കുമ്പോൾ നാം നൽകുന്ന പ്രൊപ്പോസൽ ഫോമിൽ നിലവിലുള്ള അസുഖങ്ങൾ ഏതെല്ലാമെന്ന ചോദ്യത്തിന് തെറ്റായി ഉത്തരം നൽകുന്നത്.
5. പോളിസിയിൽ 'കോപേയ്മെന്റ്' ഉണ്ടെങ്കിൽ പോളിസി ഉടമ സ്വയം വഹിക്കേണ്ടതാണ്.
6. 'സബ്‌ലിമിറ്റ്' - പോളിസിയിൽ ഓരോ അസുഖത്തിനും, അതുപോലെതന്നെ റൂം വാടക, ഐ.സി.യു. ചാർജ്ജ് എന്നിവക്ക് അനുവദിച്ച തുകയേക്കാൾ കൂടിയ തുകക്ക് ഉപയോഗിച്ചാൽ ക്ലെയിം തുക കുറഞ്ഞ് പോകുന്നതാണ്.
7. പ്രൊപോർഷനേറ്റ് ഡിഡക്ഷൻ - അനുവദനീയമായതും വാടകയേക്കാൾ കൂടിയ തുകക്കുള്ളതും എടുത്താൽ പല കമ്പനികളുടെയും പോളിസിയിൽ ഫാർമസി ബിൽ ഒഴികെ മൊത്തം ചിലവായ തുകയിൽ നിന്നും ആനുപാതികമായി ക്ലെയിം തുക കുറക്കുന്നതാണ്.
8. നിലവിൽ തുടർച്ചയായി പുതുക്കുന്ന പോളിസി മറ്റൊരു കമ്പനിയിലേക്ക് മാറ്റുമ്പോൾ നാം പുതിയ കമ്പനിക്ക് നൽകുന്ന 'പ്രൊപ്പോസൽ ഫോമിൽ' നിലവിലുള്ള അസുഖങ്ങളെ കുറിച്ച് വ്യക്തമായി ഉത്തരം നൽകിയില്ലെങ്കിൽ ക്ലെയിം ഉണ്ടായാൽ ലഭിക്കുകയില്ല.
9. പോളിസിൽ ചേരുമ്പോൾ നിലവിലുള്ള അസുഖങ്ങൾ പറയാതിരിക്കുകയും ഒരു ഡോക്ടറെ കണ്ട് അസുഖത്തിന്റെ വിവരങ്ങൾ നൽകുമ്പോൾ അത് പോളിസി എടുക്കുന്നതിന് മുമ്പ് ഉള്ളതാണെന്ന് പറയുമ്പോഴും ക്ലെയിം ഉണ്ടായാൽ ലഭിക്കുകയില്ല.
10. അസുഖങ്ങൾ, മാരകരോഗങ്ങൾ എന്നിവ പിടിപെട്ട ശേഷം പോളിസികൾ എടുക്കുന്ന പ്രവണതയാണ് നമുക്കിടയിൽ കൂടുതലായും കണ്ടു വരുന്നത്. ഇൻഷുറൻസ് കമ്പനികളാകട്ടെ തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ട് എന്ന തെളിവുകൾ സഹിതം ഇത് തെളിയിക്കുമ്പോൾ നിസ്സഹായരായി നിൽക്കാനെ കഴിയുകയുള്ളൂ. അതിനാൽ ആരോഗ്യമുള്ളപ്പോൾ ഇൻഷുർ ചെയ്യുക. തെറ്റായ വിവരങ്ങൾ നൽകാതിരിക്കുക.
11. പോളിസി കാലാവധി കഴിഞ്ഞ ശേഷം ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സിച്ചാലും ക്ലെയിം ലഭിക്കുകയില്ല.
12. ഇൻഷുർ ചെയ്ത തുക മുഴുവനായും തീർന്നു പോകുന്ന സാഹചര്യം ഉണ്ടാവാനിടയുണ്ട്. പ്രത്യേകിച്ച് കുറഞ്ഞ തുകക്ക് ഇൻഷുർ ചെയ്യുകയും, അതിനേക്കാൾ കൂടുതൽ തുക ചികിത്സാചിലവുകൾ വരുമ്പോഴും പരമാവധി ഇൻഷുർ ചെയ്ത തുക മാത്രമെ ലഭിക്കുകയുള്ളൂ.
13. ഡേകെയർ ട്രീറ്റ്മെന്റ് എടുക്കുമ്പോഴും, അപകടങ്ങൾ മൂലം ആശുപത്രിയിൽ കുറച്ചു സമയം, മാത്രം ചിലവഴിക്കുമ്പോഴും അങ്ങിനെ ചെയ്യുമ്പോൾ നിങ്ങൾക്ക്

ഇൻപേഷ്യന്റിനു ലഭിക്കുന്ന ഡിസ്ചാർജ്ജ് സമ്മറിയും ലഭിക്കുന്നതാണ്. അതല്ലാതെ ഔട്ട് പേഷ്യന്റായി രേഖകൾ സമർപ്പിക്കുമ്പോൾ പല പോളിസികളിലും ക്ലെയിം തുക ലഭിക്കുകയില്ല.

14. ആശുപത്രിയിൽ അഡ്മിറ്റ് ആവുമ്പോഴും, ഡിസ്ചാർജ്ജ് ആവുമ്പോഴും ഇൻഷുറൻസ് കമ്പനിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ഇതിന്റെ സമയ പരിധി കഴിഞ്ഞ് സമർപ്പിക്കുമ്പോൾ തക്കതായ കാരണങ്ങൾ ഇല്ലെങ്കിൽ ഇൻഷുറൻസ് കമ്പനികൾ ക്ലെയിം നിരസിക്കാൻ ഇടയുണ്ട്.

നിങ്ങൾ എടുക്കുന്ന പോളിസിയിലെ നിബന്ധനകൾ കൃത്യമായി മനസ്സിലാക്കി മാത്രം പോളിസികളിൽ ചേരുക. ഹെൽത്ത് ഇൻഷുറൻസ് പോളിസികൾ ധാരാളമുള്ളതിനാൽ കഴിയുന്നതും താരതമ്യം ചെയ്തു നോക്കി തിരഞ്ഞെടുക്കുക. അങ്ങിനെയെങ്കിൽ ഒരുപരിധിവരെ നമുക്ക് ക്ലെയിമുകൾ കിട്ടാനുള്ള അവസരം ഉണ്ടാവും.

**മാനേജിംഗ് ഡയറക്ടർ, എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനി**
**ഫോൺ: 9895768333**
**ഇ-മെയിൽ: odatt@aimsinsurance.in**





# വ്യവസായ സൗഹൃദ വികസനക്കാഴ്ചകൾ നിറച്ച് ‘എന്റെകേരളം’




സൂരജ് എസ്.

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന ‘എന്റെ കേരളം’ പ്രദർശന വിപണനമേളയിൽ വ്യവസായ സൗഹൃദ വികസനക്കാഴ്ചകൾ നിറച്ച് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. സംസ്ഥാന വ്യവസായ ഡയറക്ടറേറ്റിന്റെ കൃത്യമായ ആസൂത്രണവും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മികവാർന്ന നേതൃപാടവവും ഓരോ ജില്ലകളിലെയും മേളകളിൽ പ്രകടമാണ്. വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് ഓരോ ജില്ലയിലെയും പവലിയനുകളുടെ ഏകോപന ചുമതല.

സംസ്ഥാനത്ത് നിക്ഷേപക വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകരമായ രീതിയിൽ വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു വരുകയാണ്. പ്രസ്തുത പദ്ധതികളുടെ പൂർണമായ വിവരങ്ങളും സ്ഥിതി വിവരകണക്കുകളും സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഒരുക്കി നൽകുന്നത്തിനും സാധിക്കും വിധമായിരുന്നു വ്യവസായ വകുപ്പിന്റെ സ്റ്റാളുകളുടെ സജ്ജീകരണം.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ തീം പവലിയൻ ഉൾപ്പെടെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ, പ്ലാന്റേഷൻ ഡയറക്ടറേറ്റ്, ഹാൻഡ്‌ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, കയർ വികസന വകുപ്പ്, മൈനിങ് & ജിയോളജി വകുപ്പ് ഉൾപ്പെടെയുള്ള വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഭരണ നേട്ടങ്ങൾ പ്രദർശിപ്പിച്ചും സേവനങ്ങൾ ഒരുക്കിയും വിവിധ സ്റ്റാളുകളും പരിപാടിയോടനുബന്ധമായി ഒരുക്കിയിട്ടുണ്ട്.

കേരളത്തിൽ സംരംഭകത്വം കൂടുതൽ ജനകീയവും സുഗമവുമാക്കുന്നതാണ് ഇത്തരം പ്രവർത്തനങ്ങളെന്നും ഈസ് ഓഫ് ഡൂയിങ് ബിസിനസിലെ ഒന്നാം സ്ഥാനം കേരളത്തിന്റെ അഭിമാന നേട്ടമാണെന്നും സംരംഭക വർഷ ലക്ഷ്യ പൂർത്തീകരണവും അനുബന്ധ



എന്റെ കേരളം
പ്രദർശന വിപണന മേള

**സംസ്ഥാനത്ത് നിക്ഷേപക വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകരമായ രീതിയിൽ വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു വരുകയാണ്**

പ്രവർത്തനങ്ങളും ശ്ലാഘനീയമാണെന്ന സന്ദർശകരുടെ അഭിപ്രായങ്ങൾ ഇനിയും കൂടുതൽ കരുത്തോടെ മുന്നോട്ട് പോകാൻ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർക്കും പ്രചോദനമാണ്.

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെയും 'എന്റെ കേരളം' പ്രദർശന വിപണനമേളയുടെയും സംസ്ഥാനതല ഉദ്ഘാടനം 2025 ഏപ്രിൽ 21 ന് കാസർകോട് കാലിക്കടവിൽ ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ആയിരുന്നു നിർവഹിച്ചത്. 2025 ഏപ്രിൽ 21 ന് തുടങ്ങി മെയ് 24 വരെ സംഘടിപ്പിക്കുന്ന നാലാം വാർഷികാഘോഷത്തിൽ 40 ദിവസത്തെ പരിപാടികളാണ് ഒരുക്കിയിട്ടുള്ളത്. വെറും ആഘോഷ പരിപാടികൾക്ക് അപ്പുറം കേരളത്തെ ഇനിയും ഊർജ്ജസ്വലമായി മുന്നോട്ട് നയിക്കാനും ജനകീയ ഇടപെടലിന്റെ സാധ്യകളിലൂടെ എല്ലാ മേഖലകളെയും ഉണർവ്വിന്റെ ഭാഗമാക്കാനും ഉതകുന്ന വിധമാണ് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. വാർഷികാഘോഷത്തിന്റെ ഭാഗമായി എല്ലാ ജില്ലയിലും ബഹു. മുഖ്യമന്ത്രി പങ്കെടുക്കുന്ന യോഗവും പ്രദർശന വിപണന മേളയുമുണ്ടാകും. തിരുവനന്തപുരത്താണ് സമാപനം.

കേരളം കൈവരിച്ച നേട്ടങ്ങളുടെ പ്രദർശനങ്ങൾ കാഴ്ചവയ്ക്കുന്നതിനോടൊപ്പം കാർഷിക പ്രദർശനവിപണനമേള, സാംസ്കാരികകലാപരിപാടികൾ, മെഗാ ഭക്ഷ്യമേള, കായികവിനോദപരിപാടികൾ, ടൂറിസം പദ്ധതികളുടെ പരിചയപ്പെടുത്തൽ, സ്റ്റാർട്ടപ്പ് മിഷൻ പ്രദർശനം, ശാസ്ത്രസാങ്കേതിക പ്രദർശനങ്ങൾ, കായിക





പ്രദർശനം, സ്കൂൾ മാർക്കറ്റ്, കായികവിനോദ പരിപാടികൾ, പൊലീസ് ഡോഗ് ഷോ, ഭക്ഷ്യ മേള എന്നിവയും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.■

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

# എം.എസ്.എം.ഇ. നിയമങ്ങൾ അറിഞ്ഞു മാത്രമേ നിക്ഷേപം നടത്താവൂ



ടി.എസ്. ചന്ദ്രൻ

നിയമങ്ങൾ മനസ്സിലാക്കാതെ സംരംഭം തുടങ്ങി വെള്ളത്തിലായ നിരവധി സംരംഭകരുണ്ട്. സംരംഭങ്ങൾ വിജയിക്കാൻ കുറുക്കുവഴികൾ ഇല്ല. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയിൽ ധാരാളം അവസരങ്ങൾ ഉണ്ട്. സംസ്ഥാനത്തെ ലൈസൻസിംഗ് സമ്പ്രദായം കൂടുതൽ ഉദാരമായിട്ടുണ്ട്. സർക്കാർ സബ്സിഡിയോടു കൂടി വായ്പയും അനുബന്ധ സൗകര്യങ്ങളും ലഭ്യമാണ്. സംരംഭം തുടങ്ങുന്നതിന് കൈത്താങ്ങ് സഹായവും ലഭിക്കും. സാങ്കേതിക സഹായവും സാമ്പത്തിക സഹായവും ലഭിക്കും. പക്ഷേ നിയമങ്ങൾ അറിഞ്ഞ് നിക്ഷേപം നടത്തണം എന്ന് മാത്രം. ഇങ്ങനെ ചെയ്താൽ പിന്നീട് ദുഃഖിക്കേണ്ടതായി വരില്ല.

- നെൽവയലുകൾ, പരിസ്ഥിതി ലോല പ്രദേശങ്ങൾ, തീരദേശ പരിധിയിലെ സ്ഥലങ്ങൾ, ടൗൺ പ്ലാനിങ് വകുപ്പ് റിസർവ് ചെയ്തിട്ടുള്ള സ്ഥലങ്ങൾ, മറ്റ് നിയന്ത്രണങ്ങൾ ഉള്ള സ്ഥലങ്ങൾ (ഉദാ. റെയിൽവെ റിസർവ് ഏരിയ) എന്നിവയിൽ സംരംഭങ്ങൾ പ്ലാൻ ചെയ്യരുത്.



- അതുപോലെതന്നെ കെട്ടിടത്തിന്റെ മുകളിലെ നിലയിൽ സംരംഭം പ്ലാൻ ചെയ്യുമ്പോൾ അതിന് അധികമായി വേണ്ടിവരുന്ന ചിലവ് കൂടി പരിഗണിക്കണം.
- വ്യവസായ ആവശ്യത്തിന് കെട്ടിടം നിർമ്മിക്കും മുൻപ് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, (സ്ഥാപന അനുമതി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും (പ്ലാൻ അംഗീകാരം) അനുമതി വേണം.
- ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് എഫ്.എസ്.എസ്.എ.ഐ. എന്നതുപോലെ ഓരോ സംരംഭങ്ങൾക്കും ഗുണനിലവാരം ഉറപ്പുവരുതെന്ന് ആവശ്യമായ ലൈസൻസുകൾ നിർബന്ധമാണ്. (ഉദാ: മെഡിക്കൽ ഉത്പന്നങ്ങൾക്ക് ഡ്രഗ് ലൈസൻസ്, ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങൾക്ക് ബി.ഐ.എസ്.).

## അനുമതികൾ ലളിതം

ലൈസൻസുകളും അനുമതികളും കുറേകൂടി ഈസി ആയിരിക്കുന്ന ഒരു സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. പുതുസംരംഭകർ നിശ്ചയമായും ലളിതവൽക്കരിക്കപ്പെട്ട സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണം.

- മുൻകൂർ ലൈസൻസ് ഇല്ലാതെ തന്നെ സംരംഭങ്ങൾ തുടങ്ങുന്നതിന് ഇപ്പോൾ അനുമതി ലഭിക്കുന്നതാണ്. റെഡ് കാറ്റഗറിയിൽ വരാത്തതും 50 കോടിയിൽ താഴെ നിക്ഷേപം വരുന്നതുമായ സംരംഭങ്ങൾക്കാണ് ഈ സൗകര്യം ലഭിക്കുക. മൂന്നര വർഷത്തിനുശേഷം ലൈസൻസുകൾ സംഘടിപ്പിച്ചാൽ മതി എന്നാണ് ഈ നിയമം പറയുന്നത്.
- 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് അനുസരിച്ച് മെഡിക്കൽ സംരംഭങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് ഡി.എം.ഒ. യുടെ പരിശോധനയോ സർട്ടിഫിക്കറ്റോ ആവശ്യമില്ല. (ഇത് പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർമാർ അത്തരം സ്ഥാപനങ്ങൾ പരിശോധിക്കേണ്ട ആവശ്യമേ ഇല്ല).
- 5 HP വരെ പവർ ഉപയോഗിക്കുന്ന നാനോ ഹൗസ് ഹോൾഡ് സംരംഭങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാ

പനങ്ങളുടെ ലൈസൻസിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 21/01/2020 ൽ ഇത് സംബന്ധിച്ച് എൽ.എസ്.ജി. ഡിപ്പാർട്ട്മെന്റ് ഉത്തരവിറക്കിയിട്ടുണ്ട്.

- 30 ദിവസത്തിനുള്ളിൽ അനുമതി ലഭിക്കത്തക്കവിധം ലൈസൻസിംഗ് സംവിധാനം ലഘൂകരിച്ചിട്ടുണ്ട്.
- ലൈസൻസുകളുടെ കാലാവധി അഞ്ചു വർഷമായി ഉയർത്തിയിട്ടുണ്ട്.
- KSWIFT എന്ന പേരിൽ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം നിലവിലുണ്ട്. ഇത് വഴി ഓഫീസുകളിൽ നേരിട്ട് പോകാതെ തന്നെ ലൈസൻസ് എടുക്കാവുന്നതാണ്.
- സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് നിയന്ത്രണം, ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതി മെഡിക്കൽ സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തൽ, ലൈസൻസുകളുടെ പേര് സംരംഭ സൗഹൃദമാക്കൽ, ഏകീകൃത അപേക്ഷ ഫോറം കൊണ്ടുവരൽ, സംയുക്ത പരിശോധന രീതികൾ ആവിഷ്കരിക്കൽ, ലൈസൻസ് കൊടുക്കുന്നതിന് കീഴ് ഉദ്യോഗസ്ഥരെ ചുമതലപ്പെടു ത്തുന്നതിനുള്ള അധികാരം നൽകൽ, അങ്ങനെ നിരവധി ആയിട്ടുള്ള പരിഷ്കാരങ്ങൾ ലൈസൻസിംഗ് സംവിധാന വുമായി ബന്ധപ്പെട്ട് നിലവിലുണ്ട്.
- 100 മീറ്റർ ചുറ്റളവിൽ താമസിക്കുന്നവരുടെ സമ്മത പത്രം വേണം സംരംഭം തുടങ്ങുന്നതിന് എന്ന യാതൊരു നിയമവും നിലവിലില്ല. അതുകൊണ്ടുതന്നെ അത്തരം ആവശ്യങ്ങൾ നിറവേറ്റാൻ പൊതു സംരംഭകർ ബാധ്യസ്ഥരല്ല.
- സാധാരണ സംരംഭങ്ങൾക്ക് 1000 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അഗ്നി രക്ഷാസേനയുടെ നിരാക്ഷേപ പത്രം ആവശ്യമില്ല. പകരം സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ നൽകിയാൽ മതിയാകും. ഇതനുസരിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്.

ഈ സൗകര്യങ്ങൾ പുതു സംരംഭകർക്ക് പൂർണ്ണമായ തോതിൽ ഉപയോഗപ്പെടുത്താൻ കഴിയും. ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ, താലൂക്ക് വ്യവസായ ഓഫീസുകളിൽ, ബ്ലോക്ക് വ്യവസായ വികസന ഓഫീസുകളിൽ നിന്നും നേരിട്ട് സൗജന്യമായി ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ആകും. സംരംഭം തുടങ്ങുന്നതിന് ആവശ്യമായ കൈത്താങ്ങ് സഹായങ്ങളും ഈ ഓഫീസുകളിൽ നിന്നും ലഭിക്കും.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

## ചേർത്തലയിൽ മെഗാ ഫുഡ് പാർക്ക് പ്രവർത്തനം ആരംഭിച്ചു



ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ സ്ഥാപിച്ച മെഗാ ഫുഡ് പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചു. ഒരു വർഷത്തിനുള്ളിൽ 1200 കോടി രൂപയുടെ നിക്ഷേപത്തോടെയാണ് ഇതിന്റെ തുടക്കം കെ.എസ്.ഐ.ഡി. സി. യുടെ കൈവശം ഉണ്ടായിരുന്നു 84 ഏക്കറിലാണ് ഈ പാർക്ക്. 3500 പേർക്ക് തൊഴിൽ സൗകര്യം നൽകുന്ന സംരംഭമാണിത്. ഭക്ഷ്യോൽപ്പന്ന സംസ്കരണ മേഖലയിൽ കയറ്റുമതി രംഗത്ത് വൻ മുന്നേറ്റത്തിന് ഈ പാർക്ക് സഹായകരമാകും 128 കോടി രൂപ ചെലവിൽ 72 കോടി സംസ്ഥാന സർക്കാരും 50 കോടി കേന്ദ്രവും ബാക്കി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും ആണ്. സമുദ്രോല്പന്ന സംസ്കരണ മേഖലയ്ക്ക് ഊന്നൽ നൽകി കൊണ്ടുള്ള ഈ പാർക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക നേട്ടത്തിന് ഈ മെഗാ ഫുഡ്പാർക്ക് നിർണായകമായ പങ്കുവഹിക്കും.■



തിരുവനന്തപുരം റീജിയണൽ ഓഫീസ് ഉദ്ഘാടനത്തിന് മുന്നോടിയായി മെയ് ഇരുപതാം തീയതി വൈകിട്ട് 7 മണിക്ക് സംസ്ഥാന ഓഫീസ് ഭാരവാഹികളുടെ ഒരു യോഗം നടന്നു. അടുത്തദിവസം നടത്തുന്ന ജനറൽ കൗൺസിൽ യോഗത്തിന്റെയും ഉദ്ഘാടന സമ്മേളനത്തിന്റെയും വിശദമായ ചർച്ച നടക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഔദ്യോഗിക ആവശ്യങ്ങൾക്ക് തിരുവനന്തപുരം എത്തിച്ചേരുന്ന വ്യവസായികൾക്ക് സഹായകരമാകുന്ന രീതിയിൽ ഓഫീസും, ഒരു ഹെൽപ്പ് ഡെസ്കും സജ്ജീകരിക്കാൻ തീരുമാനിച്ചു.■

## ഏഷ്യയുടെ പുതിയകവാടം

# വികസനത്തെ വരവേൽക്കാൻ വിഴിഞ്ഞം ഒരുങ്ങി




മിർ മുഹമ്മദ് അലി ഐ.എ.എസ്

അറബിക്കടൽ കൈരളിയുടെ തീരത്ത് തന്റെ അഗാധമാം നീലിമയിൽ ഒരുക്കിവെച്ച ആഴ്മയുള്ള ഹൃദയം, മലയാളികളുടെ ഇച്ഛാശക്തിയുടെ സ്പർശനത്താൽ ഏഷ്യയുടെ വികസനകവാടമായി. ഇന്ത്യയുടെ സമുദ്രവ്യാപാരത്തിന്റെ ഭാവിയെ ശക്തിപ്പെടുത്തുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി നാടിന് സമർപ്പിച്ചു. ഇന്ത്യയുടെ ആഗോള വ്യാപാര ലോജിസ്റ്റിക്സ് മേഖലയിൽ ഒരു പുതിയ അധ്യായം തുറന്ന വിഴിഞ്ഞം തുറമുഖം 'ആത്മനിർഭർ ഭാരത്' എന്ന സങ്കല്പത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നതായി ഉദ്ഘാടനപ്രസംഗത്തിൽ പ്രധാനമന്ത്രി പറഞ്ഞു. വിദേശ ട്രാൻസ്ഷിപ്മെന്റ്ഹബ്ബുകളെ ആശ്രയിക്കുന്നതിനെ ഇല്ലാതാക്കി കേരളത്തെ ആഗോള മാരിടൈം ഭൂപടത്തിൽ വരച്ചു ചേർക്കാൻ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനായ ചടങ്ങിൽ ഗവർണർ രാജേന്ദ്ര ആർലേക്കർ, കേന്ദ്ര തുറമുഖ വകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ, കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, സംസ്ഥാന തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ, ശശി തരൂർ എം.പി., അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി തുടങ്ങിയവർ പങ്കെടുത്തു.

രാജ്യത്തെ ആദ്യ ട്രാൻസ്ഷിപ്മെന്റ് പോർട്ടായ വിഴിഞ്ഞത്തുനിന്നും ഏകദേശം 10 നോട്ടിക്കൽ മൈൽ അകലെ മാത്രമാണ് അന്താരാഷ്ട്ര കപ്പൽപ്പാത സ്ഥിതിചെയ്യുന്നത്. വിഴിഞ്ഞം തുറമുഖം മറ്റ് തുറമുഖങ്ങളിലേക്കുള്ള ചരക്ക് നീക്കത്തെ സുഖമമാക്കും. ഇന്ത്യയിൽ ഒരു സംസ്ഥാനം ആദ്യമായാണ് ഇത്ര വലിയ തുറമുഖ നിർമ്മാണ പദ്ധതിക്ക് മുൻകൈയെടുത്തത്. പൊതുസ്വകാര്യ മേഖലയുടെ (പി.പി.പി.) ശക്തമായ സഹകരണത്തിന്റെ മാതൃക കൂടിയാണ് വിഴിഞ്ഞം തുറമുഖം. 8686 കോടിരൂപ ചെലവുവരുന്ന പദ്ധതിയുടെ നിർമാണത്തിൽ സംസ്ഥാന സർക്കാർ 5370.86 കോടി രൂപ സംഭാവന ചെയ്തു. ഇത് ഒരു സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ഏക പദ്ധതി നിക്ഷേപമായി. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (എ.വി.പി.പി.എൽ.) 2497 കോടിരൂപയും കേന്ദ്ര സർക്കാർ 800 കോടിരൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗും നൽകി. അദാനി ഗ്രൂപ്പിന്റെ പങ്കാളിത്തം ഈ ദൗത്യത്തെ വേഗത്തിലാൻ സഹായിച്ചു.

1820 മീറ്റർ സ്വാഭാവിക ആഴമുള്ള ആഴക്കടൽ തുറമുഖമായ വിഴിഞ്ഞം, ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളെ സ്വാഗതം ചെയ്യാൻ പ്രാപ്തമാണ്. സംസ്ഥാന സർക്കാർ നിർമ്മിച്ച ലോകത്തിലെ ഏറ്റവും ആഴമേറിയ ബ്രേക്ക്‌വാട്ടർ, തുറമുഖത്തിന്റെ പ്രത്യേകത എടുത്തുകാട്ടുന്നു. ലോകത്തെ തിരക്കേറിയ കപ്പൽ






പാതയുടെ അടുത്ത് സ്ഥിതിചെയ്യുന്ന തുറമുഖം ഡീവിയേഷൻ ചെലവുകൾ കുറയ്ക്കുമെന്നതും എടുത്തുപറയേണ്ട സവിശേഷതയാണ്. കൂടാതെ ഇന്ത്യയുടെ ആദ്യ സെമിഓട്ടോമേറ്റഡ് പോർട്ട് എന്ന നിലയിൽ സ്മാർട്ട് സിസ്റ്റങ്ങളും തദ്ദേശീയ പൊസിഷനിംഗും ഉപയോഗിച്ച് കാര്യക്ഷമത ഉറപ്പാക്കാനും സാധിക്കും. പദ്ധതി യാഥാർഥ്യമായതോടെ പ്രാദേശിക വാണിജ്യ ഇടപാടുകളിലൂടെയും ഗതാഗത സൗകര്യങ്ങളിലൂടെയും അധികവരുമാനം സൃഷ്ടിക്കാനാകും. 75% കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റുകൾ വിദേശ തുറമുഖങ്ങളിലേക്ക് തിരിച്ചുവിടുന്നത് കുറച്ച്, പ്രതിവർഷം ഏകദേശം 220 ദശലക്ഷം ഡോളറിന്റെ ട്രാൻസ്ഷിപ്മെന്റ് മൂല്യത്തിൽ വന്നു കൊണ്ടിരിക്കുന്ന നഷ്ടം തടയാൻ ഈ തുറമുഖം വഴി സാധിക്കും. ഇത് കേരളത്തിന് സാമ്പത്തിക സ്ഥിരത വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും.

ഹൈവേ ആക്സസും മറ്റുഗതാഗത സംവിധാനങ്ങളും തുറമുഖത്തിന്റെ മൾട്ടിമോഡൽ കണക്ടിവിറ്റിയെ മെച്ചപ്പെടുത്തുന്നു. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ ചുമതലയിൽ 2 കി.മീ. അപ്രോച്ച് റോഡ് നിർമാണം പുരോഗമിക്കുകയാണ്. തലക്കോട് ജംഗ്ഷനിൽ ദേശീയപാത 66 മായി ബന്ധിപ്പിക്കുന്ന ഡിസൈൻ ദേശീയപാത അതോറിറ്റി അംഗീകരിച്ചു. ചരക്കു നീക്കം കണക്കിലെടുത്ത് ക്ലോവർ ലീഫ് ഡിസൈനാണ് നിർദ്ദേശിച്ചിരിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 10.7 കി.മീ. റെയിൽപ്പാതയുടെ നിർമാണം കൊങ്കൺ റെയിൽവേ കോർപ്പറേഷനാണ് നിർവഹിക്കുന്നത്. 1,482.92 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നിർമ്മാണം ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കും. നിർമാണം 2028 ഡിസംബറിൽ പൂർത്തിയാകും. താൽക്കാലികമായി തിരുവനന്തപുരത്ത് കണ്ടെയ്നർ റെയിൽ ടെർമിനൽ (സി.ആർ.ടി.) സ്ഥാപിക്കാനുള്ള ചർച്ചകളും നടക്കുന്നുണ്ട്.

ദശാബ്ദങ്ങൾ നീണ്ട വെല്ലുവിളികളെ അതിജീവിച്ചാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമായത്. ഓഖി, കോവിഡ് 19, അസംസ്കൃത വസ്തുക്കളുടെ ക്ഷാമം തുടങ്ങിയ തടസ്സങ്ങളെ മറികടന്ന് സംസ്ഥാന സർക്കാർ നിശ്ചയ ദാർഢ്യത്തോടെ പദ്ധതിയെ മുന്നോട്ടു നയിച്ചു. 2024ൽ ഒന്നാം ഘട്ടനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ച തുറമുഖം, ട്രയൽ ഘട്ടത്തിൽ 280 ലധികം കപ്പലുകളും 5,93,000 ലധികം കണ്ടെയ്നറുകളും കൈകാര്യം ചെയ്തു. 2027 ഓടെ 3 ദശലക്ഷം ടി.ഇ.യു. ശേഷി കൈവരിക്കാൻ ലക്ഷ്യം വെക്കുന്ന തുറമുഖം 2028 ഓടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടങ്ങളും പൂർത്തീകരിച്ച് പൂർണ്ണ സജ്ജമാകും. വിഴിഞ്ഞം തുറമുഖത്തിന്റെ വികാസത്തോടെ 5000 ലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്ത്രീകളുടെ തൊഴിൽ അവസരങ്ങളെ പ്രോത്സാഹിപ്പിക്കാൻ മാരിടൈം ടെക്നോളജി പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചു.

വിഴിഞ്ഞം തുറമുഖം ദേശീയ തലത്തിൽ മാത്രമല്ല ഇന്ത്യയുടെ ആഗോളതലത്തിലുള്ള മാരിടൈം ലോജിസ്റ്റിക്സ് രംഗത്തെ ശക്തിപ്പെടുത്തും. സാഗർമാല, പി.എം. ഗതി ശക്തി തുടങ്ങിയ പദ്ധതികൾ അടിസ്ഥാന സൗകര്യങ്ങളും കണക്ടിവിറ്റിയും മെച്ചപ്പെടുത്താൻ സഹായകമാകും. ഇന്ത്യ മിഡിൽ ഈസ്റ്റ് യൂറോപ്പ് കോറിഡോർ (ഐ.എം.ഇ.സി.) തുറമുഖത്തിന്റെ തന്ത്രപരമായ പ്രസക്തി വർദ്ധിപ്പിക്കുന്നു. ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തിന് (ഇൻവെസ്റ്റ്കേ രള ഗ്ലോബൽ സമ്മിറ്റ് 2025) മുന്നോടിയാക്കി സംസ്ഥാന സർക്കാർ വിഴിഞ്ഞം കോൺക്ലേവ് സംഘടിപ്പിച്ചിരുന്നു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി.), തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസും (ടി.സി.സി.ഐ.) സഹകരിച്ചാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ലിമിറ്റഡിന്റെ (വി.ഐ.എസ്.എൽ.) യും ടൂറിസം വകുപ്പിന്റെയും കേരള മാരിടൈം ബോർഡി ന്റെയും മികച്ച പിന്തുണ കോൺക്ലേവിനെ ശ്രദ്ധേയമാക്കി. കോൺക്ലേവിലൂടെ ആഗോള നിക്ഷേപകരെ കേരളത്തി ലേക്ക് ആകർഷിക്കാൻ സാധിച്ചു.

കേരളത്തിന്റെ സാമ്പത്തിക മുഖച്ഛായ തന്നെ മാറ്റുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി, ഇന്ത്യയുടെ ആഗോള മാരിടൈം രംഗത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിക്കുക മാത്രമല്ല ആഗോളമായും പ്രാദേശികമായും വൻ അവസരങ്ങൾ തുറന്നിടുകയും ചെയ്യും. കേന്ദ്ര സർക്കാരിന്റെ നിരവധി ജിയോ സ്ട്രാറ്റജിക് പദ്ധതികളിൽ വിഴിഞ്ഞം ഭാഗമായിക്കഴിഞ്ഞു. തുറമുഖത്തിന്റെ വികസന സാധ്യതകൾ പരിപോഷിപ്പിക്കുകയും ആഗോള നിക്ഷേപ ഭൂപടത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് മികച്ച സ്ഥാനം ഉറപ്പിക്കുകയുമാണ് സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ള ലക്ഷ്യം. നൂതന സാങ്കേതികവിദ്യ, മികച്ച കണക്ടിവിറ്റി എന്നിവയിലൂടെ വിഴിഞ്ഞം തുറമുഖ പദ്ധതി രാജ്യത്തിനും സംസ്ഥാനത്തിനും ഒരു പോലെ വളർച്ചയുടെ പുതിയ അധ്യായങ്ങൾ തുറന്നിടുകയാണ്. ആഗോള തലത്തിൽ തിരുവനന്തപുരം ഷിപ്പിംഗ് വ്യവസായ ലോജിസ്റ്റിക്സ് സിറ്റിയായി മാറുമ്പോൾ, കേരളം ഇന്ത്യയുടെ സമുദ്രവ്യാപാരത്തിന്റെ മുഖമുദ്രയായിത്തീരും. ■

**കെ.എസ്.ഐ.ഡി.സി.
മാനേജിങ്ങ് ഡയറക്ടർ
ആണ് ലേഖകൻ**

**Scan for the initiative of Industries Department in the previous two years.**




# സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (എസ്.ബി.ആർ.എ.പി.) 2024: ഉപഭോക്താക്കളുടെ അഭിപ്രായ സർവേ നടത്തും

പ്രകൃതി സൗന്ദര്യത്തിനും സാംസ്കാരിക പൈതൃകത്തിനും പേരുകേട്ട നാടായ കേരളം, ഇന്ന് വ്യവസായിക രംഗത്തും ആഗോള ശ്രദ്ധനേടുകയാണ്. കൃഷി, ഭക്ഷ്യസംസ്കരണം, ഫാർമസ്യൂട്ടിക്കൽ, ഐ.ടി., റോബോട്ടിക്സ്, നിർമിത ബുദ്ധി തുടങ്ങിയ മേഖലകളിൽ വരുന്ന നിക്ഷേപങ്ങളും, നവീനസാങ്കേതിക വിദ്യകളും കേരളത്തെ വ്യവസായ ഹബ്ബാക്കിമാറ്റുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ വ്യവസായ അനുകൂല നയങ്ങളും നയങ്ങളിലെ സ്ഥിരതയും കേരളത്തിന്റെ നിക്ഷേപസൗഹൃദ അന്തരീക്ഷത്തിന് കൂടുതൽ ശക്തി പകരുന്നതോടൊപ്പം, സംരംഭകർക്ക് സംസ്ഥാനത്ത് അനായാസം തങ്ങളുടെ വ്യവസായ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) മുഖേന നടപ്പാക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ്, വിവിധ വകുപ്പുകളിൽ നിന്നും വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നു. സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പാക്കേജുകളും, സൂക്ഷ്മചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ആനുകൂല്യങ്ങളും സംസ്ഥാനത്ത് ഇപ്പോൾ വേഗത്തിൽ ലഭ്യമാണ്. സംരംഭക വർഷത്തിന്റെ ഭാഗമായി സംസ്ഥാനത്ത് മൂന്നു ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചു. ഇതിൽ ഒരു ലക്ഷത്തിലധികം വനിതാസംരംഭകർ ഉൾപ്പെടുന്നു. വിദേശത്തു നിന്ന് മടങ്ങിയെത്തി സംരംഭങ്ങൾ തുടങ്ങുന്നവരുടെ എണ്ണവും വർധിക്കുന്നു.

വ്യാവസായിക രംഗത്ത് മുന്നേറ്റങ്ങൾ നടത്തുന്ന കേരളം, കേന്ദ്രവാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ടമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.), നേതൃത്വം നൽകുന്ന ഈസ് ഓഫ് ഡൂയിങ് ബിസിനസ്'എസ്.ബി.ആർ.എ.പി. 2022 റാങ്കിംഗിൽ' ടോപ്പ് അച്ചീവർ'പദവി നേടി രാജ്യത്ത് ഒന്നാമതെത്തി. 30 മേഖലകളിൽ 9 എണ്ണത്തിൽ മികവ് പ്രകടിപ്പിച്ചാണ്ടോണ് ടോപ്പ് അച്ചീവർ പദവി നേടിയത്. 2024 സെപ്റ്റംബറിൽ ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി പീയൂഷ്ഗോയൽ, സംസ്ഥാന വ്യവസായവകുപ്പ് മന്ത്രി പി. രാജീവിന് പുരസ്കാരം സമ്മാനിച്ചു.

സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻപ്ലാൻ (എസ്.ബി.ആർ.എ.പി.) 2024 ആണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. വ്യാവസായിക അനുമതികൾക്കുള്ള പ്രക്രിയകൾ ലഘൂകരിക്കുക, ഓൺലൈൻ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, പരാതി പരിഹാരങ്ങൾ വേഗത്തിലാക്കുക തുടങ്ങിയവയിലധിഷ്ഠിതമായ പരിഷ്കാരങ്ങളുടെ തുടർച്ചയാണിത്.

മികച്ച പരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പാക്കാക്കുന്നതു വഴി ബിസിനസ് തുടങ്ങുവാനും നടത്തി ക്കൊണ്ടു പോകുവാനുമുള്ള വകുപ്പുകളുടെ സേവനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും വർദ്ധിക്കുന്നു. ഇതിലൂടെ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും വ്യവസായങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. കൂടാതെ ആരോഗ്യകരമായ മത്സരാതിഷ്ഠിത വ്യവസായ അന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്നതിലൂടെ

എസ്.ബി.ആർ.എ.പി. സംസ്ഥാനങ്ങൾക്ക് കൂടുതൽ നിക്ഷേപ സാഹചര്യങ്ങളും പുരോഗതിയും ഒരുക്കുവാൻ സഹായിക്കുന്നു.

തൊഴിൽ, പരിസ്ഥിതി, നികുതി, ഭൂമി ക്രയവിക്രയം, യൂട്ടിലിറ്റി പെർമിറ്റുകൾ, നിർമ്മാണം എന്നിവയുൾപ്പെടെ വിവിധ നിർണായക മേഖലകളെയാണ് എസ്.ബി.ആർ.എ.പി 2024-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനങ്ങളുടെ വ്യാവസായിക പ്രകടനം വിലയിരുത്തുന്നതിന് എസ്.ബി.ആർ.എ.പി 2024 ലുള്ള പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയതിന്റെയും ഓൺലൈൻ സേവനങ്ങൾ ഉപയോഗിച്ച ഉപഭോക്താക്കളുടെ പ്രതികരണങ്ങൾ ശേഖരിച്ചതിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ വിവിധ വിഭാഗങ്ങളിലായി തരംതിരിക്കും. ഇതിൽ മികച്ച പ്രകടനം കാഴ്ച്ചവെക്കുന്ന സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണ പ്രദേശങ്ങൾക്കും 'ടോപ്പ് അച്ചീവർ' വിഭാഗത്തിൽ സ്ഥാനം ലഭിക്കും.

കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ വിനിയോഗിച്ചവരിൽ നിന്നാണ് പ്രതികരണങ്ങൾ ശേഖരിക്കുക. ടെലിഫോൺ, വാട്സ്ആപ്, ഇമെയിൽ, അഭിമുഖം എന്നീ മാർഗങ്ങൾ വഴി അഭിപ്രായങ്ങൾ ശേഖരിക്കും. കൂടുതലായും ടെലിഫോൺ വഴിയാകും പ്രതികരണങ്ങൾ ശേഖരിക്കുക. മുൻവർഷങ്ങളിൽനിന്ന് വ്യത്യസ്തമായാണ് ഇത്തവണ സംസ്ഥാനങ്ങളുടെ സ്ഥാനം നിശ്ചയിക്കുക. ഇതിൽ 30% മാർക്ക്, പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയതിന്റെയും 70 % മാർക്ക്, ഉപഭോക്താക്കൾ നല്കുന്ന പ്രതികരണങ്ങളുടെയും അടിസ്ഥാനത്തിലാണ്. ആയതിനാൽ ഓരോ ഉപഭോക്താവിന്റെയും അഭിപ്രായം വിലപ്പെട്ടതാണ്.

വ്യാവസായിക മേഖലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനും നാടിന്റെ വ്യാവസായിക പുരോഗതി ശക്തിപ്പെടുത്തുന്നതിനും മികച്ച പ്രതികരണം അത്യാവശ്യമാണ്. വരുന്ന മാസം ഡി.പി.ഐ.ഐ.ടി. മലയാളത്തിൽ നടത്തുന്ന അഭിപ്രായ സർവേയിൽ രേഖപ്പെടുത്തുന്ന മികച്ച പ്രതികരണങ്ങൾ നാടിന്റെ വ്യവസായ പുരോഗതിയെ മുന്നോട്ടു നയിക്കും.

## സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ



പ്രിയ സുഹൃത്തുക്കളെ,

സംസ്ഥാനങ്ങളിലെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ അടിസ്ഥാനത്തിൽ പ്രകടനം വിലയിരുത്തുന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച എസ്.ബി.ആർ.എ.പി. (സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ) യുടെ ഏഴാം പതിപ്പായ എസ്.ബി.ആർ.പി. 2024 -ന്റെ അവലോകനം ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്.

വ്യാവസായിക അനുമതികൾക്കായുള്ള പ്രക്രിയകൾ ലഘൂകരിക്കുക, ഓൺലൈൻ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, പരാതി പരിഹാരങ്ങൾ വേഗത്തിലാക്കുക തുടങ്ങിയവയിൽ അധിഷ്ഠിതമായ പരിഷ്കരണങ്ങളാണ് എസ്.ബി.ആർ.എ.പി 2024ൽ നിർദേശിച്ചിട്ടുള്ളത്. ഈ പരിഷ്കരണങ്ങൾ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ വിനിയോഗിച്ച ഉപഭോക്താക്കളുടെ / സംരംഭകരുടെ അഭിപ്രായങ്ങൾ വിലയിരുത്തിയാണ് ഓരോ സംസ്ഥാനങ്ങളുടെയും പ്രകടനം കണക്കാക്കുക. 2024 ഫെബ്രുവരി മുതൽ 2025 ഏപ്രിൽ വരെയായിരുന്നു പരിഷ്കാര നിർദേശങ്ങൾ നടപ്പിലാക്കുവാനായി ലഭിച്ച സമയം. ഇനി നടക്കുവാനുള്ളത് ഉപഭോക്താക്കളുടെ അഭിപ്രായ സർവേയാണ്.

ടെലിഫോൺ/ ഇമെയിൽ / എസ്.എം.എസ് / നേരിട്ടുള്ള അഭിമുഖം എന്നിവ വഴി മലയാളത്തിൽ നടത്തപ്പെടുന്ന അഭിപ്രായ സർവേ അടുത്ത മാസം (ജൂൺ) ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. വ്യാവസായിക മേഖലയിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനും നാടിന്റെ വ്യാവസായിക പുരോഗതി ശക്തിപ്പെടുത്തുന്നതിനും ഓരോ ഉപഭോക്താവിന്റെയും മികച്ച അഭിപ്രായം നമ്മുടെ നാടിന് അത്യാവശ്യമാണ്. ആയതിനാൽ വരുന്ന മാസം നടക്കുന്ന സർവേയിൽ നിങ്ങളുടെ ഓരോരുത്തരുടെയും വിലയേറിയ പങ്കാളിത്തം ഉറപ്പു വരുത്തണമെന്ന് അഭ്യർഥിക്കുന്നു.

മാനേജിങ്ങ് ഡയറക്ടർ, കെ. എസ്.ഐ.ഡി.സി.



ബഹു. വ്യവസായ നിയമ കയർ വകുപ്പു മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു.




ബഹു. വ്യവസായ നിയമ കയർ വകുപ്പു മന്ത്രി പി. രാജീവ് ഉദ്ഘാടന പ്രസംഗം നടത്തുന്നു.




സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

കെ.എസ്.എസ്.ഐ.എ. യുടെ റീജിയണൽ ഓഫീസ് ഉദ്ഘാടനവും പൊതുസമ്മേളനവും മെയ് 21 ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ച് ബഹു. വ്യവസായ നിയമ കയർ വകുപ്പു മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മറ്റു പ്രമുഖരും ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. സംസ്ഥാന വൈസ് പ്രസിഡന്റും, ബിൽഡിങ്ങ് കമ്മിറ്റി കൺവീനറുമായ എ. ഫസിലുദ്ദീൻ സ്വാഗതം ആശംസിച്ചു. സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാൻ ചട്ടങ്ങളിലും നിയമങ്ങളിലും വ്യവസായികൾക്ക് ഗുണകരമായ ഭേദഗതികൾ നടപ്പാക്കിയെന്ന് മന്ത്രി പി. രാജിവ് പറഞ്ഞു. ബഹു. മന്ത്രിയ്ക്ക് സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് നല്കി. പ്രിൻസിപ്പൽ സെക്രട്ടറി, മുൻ സംസ്ഥാന പ്രസിഡന്റുമാരായ വി.കെ. സി. മമ്മദ് കോയ, എം. ഖാലീദ്, ദാമോദർ അവനൂർ. എം. ഖാലീദ് എന്നിവർക്കും മെമ്മന്റോ നല്കി ആദരിച്ചു. ഓഫീസ്സ് കെട്ടിടം നവീകരണത്തിന് നേതൃത്വം നല്കിയ ആർട്ടിടെക്ചർമാരായ പ്രവീണിനും, നിഷയ്ക്കും മന്ത്രി മെമ്മന്റോ നല്കി ആദരിച്ചു. റീജീയണൽ ഓഫീസ്സിന്റെ റിനോവേഷന് സംഭാവന നല്കി, ഡോ. വർഗ്ഗീസ് മൂലൻ (മൂലൻസ് ഗ്രൂപ്പ്), ഡോ. കെ.എം. ഖാലീദ്, (ഫെദർ ലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡ്). വി.നൗഷാദ് (വാൾക്കറു ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്), എൻ.പി. ആന്റണി, (പവിഴം ഗ്രൂപ്പ്), എൻ. ഹംസ, (കടമ്പൂർ ഇൻഡസ്ട്രീയൽ പാർക്ക്), കെ.എസ്. നിസ്സാം (ടഫോപ്ലെ പ്രൈവറ്റ് ഇൻഡസ്ട്രീയൽ പാർക്ക്) എന്നിവരെയും പൊന്നാട അണിയിച്ച് ആദരിച്ചു.

നിലവിൽ 3.5 ലക്ഷം സംരംഭങ്ങൾ പുതിയതായി വന്നിട്ടുണ്ട്. ഇതിൽ 31 ശതമാനവും സ്ത്രീ സംരംഭങ്ങളാണ്. വ്യവസായ മേഖലയിൽ റാങ്ക് നിശ്ചയിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു തുടങ്ങി. നിർദ്ദേശിച്ച പരിഷ്ക്കാരങ്ങളിൽ നൂറുശതമാനവും നമ്മുടെ സർക്കാർ നടപ്പാക്കി. റാങ്ക് നിശ്ചയിക്കുന്നതിനുള്ള



# വ്യവസായികൾക്ക് ഗുണകരമായ ഭേദഗതികൾ നടപ്പാക്കി വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്: കെ.എസ്.എസ്.ഐ.എ. മസ്കറ്റ് ഹോട്ടലിൽ പൊതുസമ്മേളനം സംഘടിപ്പിച്ചു

ഡാറ്റകൾ സംരംഭകരെ നേരിട്ട് വിളിച്ച് ആരായും. അതിന് കൃത്യമായ മറുപടി നല്കാൻ സംരംഭകർ തയ്യാറാകണം. പ്രശ്നങ്ങൾ വല്ലതുമുണ്ടെങ്കിൽ തങ്ങളെ നേരിട്ട് വിളിച്ചാൽ മതി. അതിനുള്ള പരിഹാരവും ഉടനെ ഉണ്ടാകുമെന്ന് മന്ത്രി വ്യക്തമാക്കി. നിലവിൽ പരിഹരിക്കേണ്ട പ്രശ്നങ്ങൾ അടങ്ങുന്ന നിവേദനം സംസ്ഥാന പ്രസിഡന്റ് മന്ത്രി പി. രാജീവിന് നല്കി. കെ.എസ്.എസ്.എഫിന്റെ അംഗങ്ങൾക്കുള്ള മരണാനന്തര സഹായവും ചടങ്ങിൽ വച്ച് മന്ത്രി നല്കുകയുണ്ടായി.

റീജിയണൽ ഓഫീസ്സിൽ വച്ചിട്ടുള്ള എ.റ്റി.എം. കൗണ്ടറിന്റെ ഉദ്ഘാടനം സംസ്ഥാന പ്രസിഡന്റും മുൻ സംസ്ഥാന പ്രസിഡന്റ് വി.കെ. സി. മമ്മദ് കോയയും ചേർന്ന് നിർവ്വഹിച്ചു. കാനറാ ബാങ്ക് ജനറൽ മാനേജർ, എസ്.എൽ.ബി.സി. കൺവീനൽ, കാനറാ ബാങ്കിന്റെ മറ്റു ഉദ്യോഗസ്ഥന്മാർ കെ.എസ്.എസ്.ഐ.എ.എ. ഭാരവാഹികൾ, 14 ജില്ലയിൽ നിന്നുമുള്ള കെ.എസ്.എസ്.ഐ.എ. അംഗങ്ങളും പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു.

വ്യവസായ വകുപ്പിൽ റജിസ്റ്റർ ചെയ്ത വ്യവസായ വാണിജ്യ മേഖലയിലെ സംരംഭകരുടെ എണ്ണം 35 ലക്ഷം കവിഞ്ഞതായി ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. 2021ൽ 85,000 രജിസ്ട്രേഷൻ ഉണ്ടായിരുന്ന സ്ഥാനത്താണ് ഇത്. ഇപ്പോഴുള്ള ഈ വർദ്ധനവ് കെ.എസ്.എസ്.ഐ.എ.യുടെ റീജിയണൽ ഓഫീസ് ഉദ്ഘാടനം ചെയ്തു കൊണ്ട് സംസ്സാരിക്കുകയായിരുന്ന മന്ത്രി. റീജിയണൽ ഓഫീസ്സ് വ്യവസായികൾക്ക് പ്രയോജനം ലഭിക്കുന്നതിനും, എല്ലാ സേവനങ്ങളും നല്കുന്നതിനും ഒരു ഹെൽപ്പ് ഡെസ്ക് ആരംഭിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. സംസ്ഥാനത്ത് ഇന്ന് നില നില്ക്കുന്ന വ്യവസായ സൗഹൃദ അന്തരീക്ഷത്തിനും ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ ഒന്നാം സ്ഥാനത്ത് എത്തുന്നതിനും കെ.എസ്.എസ്.ഐ.എ. വഹിച്ച പങ്ക് അഭിനന്ദനാർഹമാണ്. ഇതിന് നേതൃത്വം നല്കിയ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീനെ പ്രത്യേകം അഭിനനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു. വ്യവസായ മേഖലയിലെ മിക്കവാറും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിച്ചു. അസോസിയേഷൻ നല്കിയ പരാതികൾ എല്ലാം പരിഹരിച്ചു. വ്യവസായ ആവശ്യത്തിനുള്ള ഭൂമി വാങ്ങിക്കാനും കൈമാറ്റം ചെയ്യാനുമുള്ള ബുദ്ധിമുട്ടുകൾ ഇല്ലാതാക്കി. നിയമപരമായ അധികാരമുള്ള സംസ്ഥാന ജില്ലാതല പ്രശ്ന പരിഹാര സമിതികൾ നിലവിൽ വന്നു. ഏതെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ മന്ത്രിമാരേയോ ഉദ്യോഗസ്ഥന്മാരേയോ സമിപിക്കാതെ നേരിട്ട് ഈ പരാതി സെല്ലിൽ ഓൺ ലൈനായി സമർപ്പിക്കാവുന്നതാണ്. 30 ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിക്കുകയും 7 ദിവസത്തിനുള്ളിൽ തീരുമാനമുണ്ടാകുകയും ചെയ്യും. സംരംഭ വർഷത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ പ്രാഗല്ഭ്യം നേടി വിജയിച്ച സുരേഷ്കുമാർ എം., ഇ.ആർ. അനിൽകുമാർ വി., താജുദ്ദീൻ തോപ്പിൽ, വിനീഷ് സുബ്രമണ്യം, കെ.എം. ഇബ്രാഹീം കുന്നതാൻ, ഡോ. സുരജ് ലാൽ, എം. അബ്ബാസ്, എന്നിവർക്ക് മന്ത്രി അവാർഡുകൾ നല്കി. കണ്ണൂർ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും പ്രസിഡന്റിന് മെമ്മന്റോ നല്കി ആദരിച്ചു. വയനാട് ചൂരൽമല, പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് മലപ്പുറം ജില്ല ഒരു ലക്ഷം രൂപയുടെ ചെക്ക് പ്രസിഡന്റിന് കൈമാറി.





KSSIA അഡ്രസ്സ് ഡയറക്ടറി വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാന പ്രസിഡന്റിന് നല്കി പ്രകാശനം ചെയ്യുന്നു.



































# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ 2026 അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.ഐ.എ. യും, മെട്രോ മാർട്ടും സംയുക്തമായി 2026 ജനുവരി 16,17,18 തീയതികളിൽ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടത്താൻ തീരുമാനിച്ച വിവരം എല്ലാവരേയും അറിയിക്കുന്നു. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2024 ഒരു ചരിത്ര സംഭവമായി മാറി. കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന രീതിയിലായിരുന്നു ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ വിജയം. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുള്ള യന്ത്രങ്ങൾക്ക് പ്രാമുഖ്യം നൽകി കൊണ്ട് നടത്തിയതാണ് ഈ പ്രദർശന മേള. ഇതിലും അതിഗംഭീരമായി ഒരുപാട് മാറ്റങ്ങളോടെയും, പുതിയ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മെഷിനറികൾക്കും മറ്റും പ്രാമുഖ്യം നല്കി കൊണ്ടായിരിക്കും 2026 ൽ ഈ എക്സ്പോ സംഘടിപ്പിക്കുന്നത്. പ്രസ്തുത എക്സ്പോയ്ക്ക് എല്ലാവരും സഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



IIIE 2026 ന്റെ ലോഗോ പ്രകാശനം വ്യവസായ നിയമ കയർ വകുപ്പു മന്ത്രി പി. രാജീവ് നിർവ്വഹിക്കുന്നു.




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.